OIL PALM INDIA LIMITED
XIV /130, KOTTAYAM SOUTH P.O,
KODIMATHA
**KOTTAYAM – 686013.**

**Phone:2566882,2567103,2567104**

Web: **www.oilpalmindia.com**
**Email:mdopil@yahoo.co.in**

**വിഷയം : ഡീലർഷിപ്പ് നിബന്ധനകൾ**

ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് വെച്ചൂരിൽ സ്ഥാപിച്ചിരിക്കുന്ന മോഡേൺ റൈസ് മില്ലിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഉണ്ട, വടി എന്നീ തരത്തിലുള്ള അരികൾ ***'കുട്ടനാട് റൈസ്'*** എന്ന ബ്രാൻഡിലാണ് വിതരണം ചെയ്യുന്നത്.

കുട്ടനാട് റൈസിന്റെ വിതരണത്തിന് ജില്ല തോറും ഡീലർമാരെ നിയമിക്കുന്നതിനുള്ള നിബന്ധനകൾ താഴെ പറയുന്ന പ്രകാരമാണ്.

ഡീലേഴ്സ്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ.

1. ജില്ലാടിസ്ഥാനത്തിലാണ് ഡീലർഷിപ്പ് അനുവദിക്കുന്നത്.

2. ഡീലേഴ്സിന്റെ ഉത്തരവാദിത്വത്തിൽ മില്ലിൽ നിന്നും അരി എടുക്കേണ്ടതും ആയത് വില്പന നടത്തേണ്ടതുമാണ്.

3. ഡീലർഷിപ്പിന് ആവശ്യപ്പെട്ടിരിക്കുന്ന ജില്ലയിലെ കച്ചവട പ്രാധാന്യമുള്ള ഒരു സ്ഥലത്ത് ചുരുങ്ങിയത് 25 MT അരി സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യമുള്ള കടമുറി അപേക്ഷകൻ ഒരുക്കേണ്ടതാണ്.

4. കമ്പനി ഉദ്യോഗസ്ഥൻ, അപേക്ഷകൻ തിരഞ്ഞെടുത്തിട്ടുള്ള കടമുറി പരിശോധിക്കുന്നതാണ്.

6. കമ്പനി തിരഞ്ഞെടുക്കുന്ന പക്ഷം കമ്പനിയിൽ നിന്നും അപേക്ഷകന് ഡീലർഷിപ്പിനുള്ള ഉത്തരവ് നൽകുന്നതാണ്.

7. ഇപ്രകാരം അയയ്ക്കുന്ന നിയമന ഉത്തരവിന്റെ തീയതിയിൽ നിന്നും 15 ദിവസത്തിനുള്ളിൽ അപേക്ഷകൻ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കമ്പനിയുമായി കരാറിൽ ഏർപ്പെടേണ്ടതും വില്പനക്കുള്ള പ്രവർത്തനം ഈ കാലാവധിക്കുള്ളിൽ ആരംഭിക്കേണ്ടതുമാണ്.

8. ഡീലർ കരാർ ഒപ്പു വെയ്ക്കുന്ന അവസരത്തിൽ 25 MT അരിയുടെ വില കൂടാതെ

5000/- രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റായി ആയി കമ്പനിയിൽ അടയ്ക്കേണ്ടതാണ്.

9. പ്രതിമാസം ചുരുങ്ങിയത് 100 MT ***'കുട്ടനാട് റൈസ്'*** എങ്കിലും വില്പന നടത്തേണ്ടതാണ്.

10. കമ്പനി ഉത്പന്നങ്ങളുടെ വില മുൻകൂറായി അടയ്ക്കേണ്ടതാണ്.

11. കമ്പനി നിലവിൽ ഉത്പാദിപ്പിക്കുന്ന അരിയുടെ വില ആവശ്യാനുസരണം ചേർത്ത് 25 MT വരത്തക്ക വിധത്തിൽ അടയ്ക്കാവുന്നതാണ്.

12. ഉത്പന്നങ്ങളുടെ വില വിവരപ്പട്ടിക കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിന് കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

13. കമ്പനിയിലേക്ക് താഴെ സൂചിപ്പിക്കും വിധത്തിൽ പണമടയ്ക്കാവുന്നതാണ്.

a) RTGS / NEFT / Online Transfer വഴി കമ്പനിയുടെ അക്കൗണ്ടിലേക്ക് പണമടയ്ക്കാവുന്നതാണ്.

| | |
|---|---|
| അക്കൗണ്ടിന്റെ പേര് | ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് |
| ബാങ്ക് | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (SBI), കോടിമത |
| കറന്റ് അക്കൗണ്ട് നമ്പർ | 67191958841 |
| IFS കോഡ് | SBIN0070379 |

b) മേൽപറഞ്ഞവ കൂടാതെ ഡീലറുടെ കോഡും പേരും ബാങ്കിൽ പണമടയ്ക്കുമ്പോൾ എഴുതികൊടുക്കുന്ന സ്ലിപ്പിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

c) MICR കോഡോടുകൂടിയ ഡിമാന്റ് ഡ്രാഫ്റ്റുകൾ വഴിയും പണമടയ്ക്കാം. ഡിമാന്റ് ഡ്രാഫ്റ്റ് ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ കോട്ടയത്ത് മാറത്തക്കവിധം ഏത് ദേശസാൽകൃത/ ഷെഡ്യൂൾഡ് / സഹകരണ ബാങ്കിൽ നിന്നും എടുക്കാവുന്നതാണ്.

14. കമ്പനിയിൽ നിന്നും ഉത്പന്നങ്ങൾ ഡീലർമാരുടെ ചിലവിൽ, വെച്ചൂർ റൈസ് മില്ലിൽ നിന്നും കയറ്റികൊണ്ടു പോകേണ്ടതാണ്. ഉത്പന്നങ്ങളുടെ ഇറക്കുകൂലി സംബന്ധിച്ച യാതൊരുവിധ ചിലവുകളും കമ്പനി വഹിക്കുന്നതല്ല.

15. Food Safety Act തുടങ്ങിയ എല്ലാ സ്റ്റാറ്റ്യൂട്ടറി നിബന്ധനകളും പാലിക്കുവാൻ ഡീലർ ബാദ്ധ്യസ്ഥരാണ് / ഉത്തരവാദിത്തപെട്ടതാണ്.

16. കമ്പനിയുടെ വെച്ചൂർ  റൈസ് retail outlet ൽ നിന്നും അരി വില്ക്കുന്നതിന് കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

17. ഈ ഡീലർഷിപ്പ് contract 3 വർഷത്തേക്ക് ആയിരിക്കും.  contract കാലാവധി ഉഭയകക്ഷി സമ്മതത്തോടെ ദീർഘിപ്പിക്കാവുന്നതാണ്.

18. contract കാലാവധിക്കുള്ളിൽ ഒരു മാസത്തെ മുൻകൂർ നോട്ടീസ് നല്കി ഓരോ കക്ഷിക്കും contract അവസാനിപ്പിക്കാവുന്നതാണ്.

19. കമ്പനിയും ഡീലറും ആയിട്ടുള്ള ബന്ധം വില്പനക്കാരനും വാങ്ങുന്നവനും (seller & buyer) തമ്മിലുള്ള ബന്ധമായിരിക്കുന്നതാണ്.

20. വില്പന സംബന്ധിച്ച് കമ്പനി ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും ഡീലേഴ്സ് അയച്ചു തരേണ്ടതാണ്.

21. ഡീലർഷിപ്പ് സെക്യൂരിറ്റി ഡിപ്പോസിറ്റായി അടയ്ക്കുന്ന തുക ഡീലർഷിപ്പ് നിർത്തുന്ന അവസരത്തിൽ കുടിശിഖകൾ വകയിരുത്തിയ ശേഷം പലിശ കൂടാതെ മടക്കി നൽകുന്നതാണ്.

22. മേൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും കാലാകാലങ്ങളിൽ മാറ്റം വരുത്തുന്നതിന് കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.